Mayor's Office of Immigrant Affairs

# ഇമിഗ്രേഷൻ കോടതി 101

Malayalam | മലയാളം

**ഇമിഗ്രേഷൻ കോടതിയിൽ**, ഒരു ഇമിഗ്രേഷൻ ജഡ്ജിയുടെ മുൻപാകെ കേസ് വാദിക്കാനും, നിങ്ങൾക്ക് യുണൈറ്റഡ് സ്റ്റേറ്റ്സിൽ തുടരാൻ അർഹതയുണ്ടെന്ന് തെളിയിക്കാനും അവസരം ലഭിക്കും. കോടതിയിൽ കേസ് തോറ്റാൽ, നിങ്ങൾക്ക് അപ്പീൽ നൽകാവുന്നതാണ്.

**താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നിങ്ങളെ നാടുകടത്തിയേക്കാം:**

- ഇമിഗ്രേഷൻ കോടതിയിൽ തോൽക്കുകയും അപ്പീൽ പോകാതിരിക്കുകയും ചെയ്താൽ,
- അപ്പീൽ നൽകിയ ശേഷം തോറ്റാൽ.

## ഇമിഗ്രേഷൻ കോടതിയിൽ ആരൊക്കെഉണ്ടാകും?



- നിങ്ങൾക്ക് യുഎസിൽ തുടരാൻ അനുമതിയുണ്ടോ എന്ന് **തീരുമാനിക്കുന്ന ഇമിഗ്രേഷൻ ജഡ്ജി** ഉണ്ടായിരിക്കും.
- ഗവൺമെന്റിനായി ഹാജരാകുന്ന **ഒരു അറ്റോർണി** ഉണ്ടായിരിക്കും. യുഎസ് സർക്കാരിനെ പ്രതിനിധീകരിക്കുകയാണ് അവരുടെ ചുമതല. അവർ നിങ്ങൾക്കുവേണ്ടിയല്ല പ്രവർത്തിക്കുന്നത്.
- **നിങ്ങൾക്ക് അറ്റോർണി ഉണ്ടെങ്കിൽ**, അവരെ എപ്പോഴും കോടതിമുറിയിൽ നിങ്ങളോടൊപ്പം അനുവദിക്കുന്നതാണ്; അവർക്ക് നിങ്ങളെ വിളിക്കാനും സന്ദർശിക്കാനും സാധിക്കും.

**ഓർക്കുക: ഗവൺമെന്റ് നിങ്ങൾക്ക് അറ്റോർണിയെ നൽകില്ല; എന്നാൽ കേസ് വാദിക്കാൻ നിങ്ങൾക്ക് സ്വന്തമായി അറ്റോർണിയെ നിയമിക്കാം.**

## ഇമിഗ്രേഷൻ കോടതി തീയതിപരിശോധിക്കാൻ

- കോടതി തീയതി അറിയാൻ നിങ്ങളുടെ A-നമ്പർ (A-number) ആവശ്യമാണ്. (ഉദാഹരണം: A 000-000-000). ഗവൺമെന്റ് നൽകുന്ന ഈ നമ്പർ ഇമിഗ്രേഷൻ രേഖകളിൽ കാണാം.
- 'ഓട്ടോമേറ്റഡ് കേസ് ഇൻഫർമേഷൻ സിസ്റ്റം' (Automated Case Information system) വഴി ഹിയറിംഗ് വിവരങ്ങൾ പരിശോധിക്കാം. ഇതിന് രണ്ട് വഴികളുണ്ട്:
    - 1-800-898-7180 എന്ന നമ്പറിൽ വിളിക്കുക. A-നമ്പർ നൽകി നിർദ്ദേശങ്ങൾ പാലിക്കുക.
    - വെബ്സൈറ്റ് സന്ദർശിക്കുക: https://acis.eoir.justice.gov/en/. സെർച്ച് ബോക്സിൽ A-നമ്പർ ടൈപ്പ് ചെയ്ത് "Enter" (എന്റർ) ക്ലിക്ക് ചെയ്യുക.

**ഇത് പൊതുവായ വിവരങ്ങൾമാത്രമാണ്. ഇത് നിയമോപദേശമല്ല. നിയമോപദേശത്തിന് അറ്റോർണിയെസമീപിക്കുക.**

NYC Mayor's Office of Immigrant Affairs

# ഇമിഗ്രേഷൻ കോടതി 101

Malayalam | മലയാളം

## നേരിട്ടുള്ള ഹിയറിംഗ് ഓൺലൈൻ/ഫോൺവഴി ആക്കുന്നതിന്

നേരിട്ടുള്ള ഹിയറിംഗ് ഓൺലൈൻ/ഫോൺ വഴിയാക്കാൻ, കോടതിയിൽ ഔദ്യോഗിക അപേക്ഷ നൽകണം. അടുത്ത ഹിയറിംഗിന് കഴിയുന്നത്ര നേരത്തെ അപേക്ഷ സമർപ്പിക്കണം. ഇതിനായി **അറ്റോർണിയുടെ ഉപദേശം തേടാൻ** ശ്രദ്ധിക്കുക.



- നിയമോപദേശം അറ്റോർണിയിൽ നിന്ന് നേടുക; രേഖകൾ ശരിയായി ഫയൽ ചെയ്യാൻ അവർ സഹായിക്കും.
- നിങ്ങൾ കോടതിയിൽ ഹിയറിംഗ് രീതി മാറ്റാനുള്ള അപേക്ഷ (Motion to Change Hearing Format) സമർപ്പിക്കണം. ജഡ്ജി അപേക്ഷ പരിശോധിച്ച്, തീരുമാനം നിങ്ങളെയോ അറ്റോർണിയെയോ അറിയിക്കും.
- അപേക്ഷ അംഗീകരിച്ചാൽ ഹിയറിംഗ് ഓൺലൈൻ ആയിരിക്കും; ഇല്ലെങ്കിൽ നേരിട്ട് ഹാജരാകണം.

## നിയമസഹായം കണ്ടെത്താൻ

കഴിഞ്ഞ കുറച്ചു മാസങ്ങളായി, കോടതികൾക്കുള്ളിൽ ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റ് നടപടികൾ നടക്കുന്നതായി റിപ്പോർട്ടുകളുണ്ട്. തടങ്കലിലാക്കപ്പെട്ടാൽ എന്തുചെയ്യണമെന്നതിന് ഒരു പ്ലാൻ തയ്യാറാക്കുന്നത് നന്നായിരിക്കും. സംശയങ്ങൾക്ക് അറ്റോർണിയോട് സംസാരിക്കുക.

**സൗജന്യവും രഹസ്യവുമായ നിയമസഹായത്തിന് മേയേഴ്സ് ഓഫീസ് ഓഫ് ഇമിഗ്രന്റ് അഫയേഴ്സ് (Mayor's Office of Immigrant Affairs, MOIA) ഇമിഗ്രേഷൻ ലീഗൽ സപ്പോർട്ട് ഹോട്ട്ലൈനിൽ വിളിക്കുക:**

**1-800-354-0365**

തിങ്കൾ - വെള്ളി, 9AM - 6PM ദ്വിഭാഷാ സഹായിയുടെ സേവനം ലഭ്യമാണ്

ഓരോ കോടതിയിലും, സമീപത്തുള്ള സൗജന്യ/കുറഞ്ഞ നിരക്കിലുള്ള നിയമസഹായ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാണ്.

കോടതിക്ക് സമീപമുള്ള സൗജന്യ നിയമസഹായ സ്ഥാപനങ്ങൾ മുൻകൂട്ടി കണ്ടെത്താൻ QR കോഡ് സ്കാൻ ചെയ്യുക, അല്ലെങ്കിൽ സന്ദർശിക്കുക: www.justice.gov/eoir/list-pro-bono-legal-service-providers

**ഇത് പൊതുവായ വിവരങ്ങൾമാത്രമാണ്. ഇത് നിയമോപദേശമല്ല. നിയമോപദേശത്തിന് അറ്റോർണിയെ സമീപിക്കുക.**